# സ്വർഗ്ഗാരോപിതമാതാ ദൈവാലയം

## മരിയനാട്



# വചനധ്വനി

## 2025 ഒക്ടോബർ കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട യോഗക്രമം.

**ഒരുക്കം** :യോഗം കൂടുന്ന വീട് നന്നായി ഒരുക്കിയിരിക്കണം. യോഗം കൂടുന്ന ഹാളിന്റെ നടുക്ക് ബൈബിൾ ഒരുക്കിവയ്ക്കണം. യോഗം നടക്കുന്ന വീട്ടുകാർ യൂണിറ്റിലെ എല്ലാവരെയും യോഗം അറിയിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം. എല്ലാവരും ബൈബിളിന ചുറ്റും വട്ടത്തിൽ ഇരിക്കണം.

1. **പരിശുദ്ധാത്മാവിന്റെ ഗാനം :** ഗാനം ആലപിക്കുമ്പോൾ തന്നെ അംഗങ്ങൾ ബൈബിൾ വന്ദനം ചെയ്യണം.
2. **സ്വാഗതം :** കുടുംബനാഥൻ/കുടുംബനാഥ, എല്ലാവരെയും സ്വാഗതം ചെയ്യണം.
3. **ആമുഖം :**

പ്രിയപ്പെട്ടവരെ,

കുടുംബം ജീവിതത്തിന്റെ ആദ്യ പാഠശാലയും, വിശ്വാസത്തിന്റെ ദിവ്യസങ്കേ തവുമാണ്. അമ്മയുടെ മൃദുവായ കരങ്ങളിലൂടെ ഒരു ശിശു കുരിശിന്റെ വിശുദ്ധ അടയാളം വരയ്ക്കാൻ പഠിക്കുന്നു. പിതാവിന്റെ അധരങ്ങളിൽ നിന്നും സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന ആദ്യ പ്രാർത്ഥനാവാക്കുകൾ കുട്ടിയുടെ ഹൃദയത്തിൽ മുഴങ്ങി തുടങ്ങുന്നു. അതിനാൽ വീട് വെറും വാസസ്ഥലം മാത്രമല്ല വിശ്വാസം പഠിപ്പിക്കുകയും, ജീവിക്കുകയും, കൈമാറുകയും ചെയ്യുന്ന ആദ്യ പ്രാർത്ഥനാ പാഠശാലയായി മാറുന്നു. ഈ മഹത്വം കൊണ്ടാണ് സഭ കുടുംബത്തെ രണ്ടാം വർത്തിക്കാൻ കൗൺസിലിൽ ഗാർഹികസഭ (ഊീലശേര ഇവൗൃരവ) എന്ന വിശിഷ്ഠ നാമത്തിൽ ബഹുമാനിക്കുന്നത് (ഘൗാലി ഏലിശൗാ, 11)

ഒരു കുടുംബം പ്രാർത്ഥനയിൽ ഒരുമിച്ചുയരുമ്പോൾ അവരുടെ വീട് സാധാരണമായ വീടല്ലാതെയാകുന്നു. അത് സ്വർഗ്ഗം ഭൂമിയെ സ്പർശിക്കുന്ന ഒരു വിശുദ്ധ വാസസ്ഥലമായി ദൈവത്തിന്റെ സാന്നിധ്യപ്രകാശം നിറഞ്ഞ ഒരു ജീവിക്കുന്ന ദേവാലയമായി മാറുന്നു.

ക്രിസ്തു തന്നെയാണ് ഈ രഹസ്യം ഉറപ്പു നല്കിയത്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ച് കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാനും ഉണ്ടായിരിക്കും . (മത്തായി 18:20). കുടുംബപ്രാർത്ഥന

ഹൃദയങ്ങളെ ചേർത്തുവെയ്ക്കുന്ന വിശ്വാസത്തിൽ അവരെ ശക്തിപ്പെടുത്തുന്ന, ജീവിതത്തിന്റെ ഇരുണ്ട മണിക്കൂറുകളിൽ പ്രത്യാശയുടെ വിളക്കായി തെളിയുന്ന ആത്മീയവലയമാണ്. കുടുംബം ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ ഹൃദയങ്ങൾ സ്നേഹത്താൽ ബന്ധിപ്പിക്കപ്പെടുകയും, വിശ്വാസത്തിൽ ഉറപ്പിക്കുകയും ആത്മീയമായി ഉണർന്നുവരുകയും കഠിനകാലങ്ങളിൽ പ്രത്യാശയുടെ തെളിച്ചമായി നിലകൊള്ളുകയും ചെയ്യുന്നു. പ്രാർത്ഥനയുടെ വിവിധ രൂപങ്ങളിൽ വിശുദ്ധ ജപമാല അതുല്യമായ സൗന്ദര്യത്താൽ ഭംഗിയോടെ തിളങ്ങുന്നു. അതിന്റെ ശാന്തമായ താളത്തിൽ കുടുംബങ്ങളെ മാതാവ്, ക്രിസ്തുവിന്റെ ജീവിതം, മരണം, ഉത്ഥാനം എന്നിവയുടെ രഹസ്യങ്ങളിലൂടെ സുവിശേഷത്തിന്റെ ഹൃദയത്തിലേക്ക് നയിക്കുന്നു. ഇത് വെറും വാക്കുകളുടെ പ്രാർത്ഥനയല്ല, കുടുംബത്തിനുള്ളിലെ ധ്യാനത്തിന്റെയും, ഐക്യത്തിന്റെയും, സമാധാനത്തിന്റെയും മഹത്തായ ഒരു പാഠശാലയാക്കുന്ന ദൈവാനുഭവം കൂടിയാണ്. പ്രിയരെ, ഇന്നത്തെ പ്രാർത്ഥന ആരംഭിക്കുമ്പോൾ കുടുംബത്തിലെ പ്രാർത്ഥനയുടെ ആഴത്തെയും ശക്തിയേയും മഹത്വത്തേയും കുറിച്ച് ധ്യാനിക്കാം.

**യേശുവിനെ ക്ഷണിക്കൽ :-**

**ലീഡർ : ''എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ച് കൂടുമ്പോൾ നിങ്ങളുടെ മദ്ധ്യേ ഞാനുണ്ടാകും''** എന്ന് നമുക്ക് വാഗ്ദാനമരുളിയ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുസ്മരിക്കാം.

4. **വിശ്വാസപ്രമാണം***(എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു)*

**ലീഡർ** : നമുക്ക് ഓരോരുത്തർക്കും ചുരുങ്ങിയ വാക്കുകളിൽ ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം. (5 പേർ യേശുവിനെ ക്ഷണിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലുന്നു - മറ്റുള്ളവർ മറുപടിയായ് **''യേശുവേ ഞങ്ങളുടെ മദ്ധ്യേ കടന്നു വരേണമേ''**എന്ന് പറയുന്നു.)

5. **സങ്കീർത്തനം : 55 : 1622**

എല്ലാവരും ബൈബിൾ തുറന്ന് വായിച്ച് പ്രാർത്ഥിക്കുന്നു.

*(ലീഡർ ഒരു വാക്യം വായിക്കുമ്പോൾ മറ്റുള്ളവർ അടുത്ത വാക്യം വായിക്കുന്നു.)*

6. **വചനഗീതി**

7. **വചനപാരായണം : വി. മത്തായി 18:1820**

8. **വചനവിചിന്തനം :-**

കുടുംബ പ്രാർത്ഥന തിരുവെഴുത്തുകളിൽ വേരൂന്നിയതാണ്. ഓരോ ഭവനവും വിശ്വസത്തിന്റെ ആദ്യദൈവാലയമായി മാറുന്നു. പഴയ നിയമത്തിൽ ജോഷ്വാ പറയുന്നു: ഞാനും കുടുംബവും കർത്താവിനെ സേവിക്കും. (ജോഷ്വ 24:15) അതിലൂടെ ഭവനമാണ്

വിശ്വാസത്തിന്റ തുടക്കബിന്ദുവെന്ന് നമ്മെ പഠിപ്പിക്കുന്ന. പുതിയ നിയമത്തിൽ തിരുകുടുംബം യേശു, മറിയം, ജോസഫ് കുടുംബപ്രാർത്ഥനയുടെയും ആത്മീയ ഐക്യത്തിന്റെയും ഉത്തമ മാതൃകയാകുന്നു. അവരുടെ തുറന്ന ഹൃദയം, അചഞ്ചലമായ വിശ്വാസം, നിരന്തരം ദൈവഹിതത്തിനായി സമർപ്പിക്കുന്നത് നമ്മെ ഓർമ്മിപ്പിക്കുന്നത്. പ്രാർത്ഥനയാണ് ഓരോ ഭവനത്തിലും സ്നേഹത്തിന്റെയും പ്രത്യാശയുടെയും ആത്മീയവളർച്ചയുടെ അടിത്തറയെന്നതാണ്. വിശ്വാസത്തിന്റെ രൂപീകരണത്തിന കുടുംബ പ്രാർത്ഥന എത്രമാത്രം പ്രധാനമാണെന്ന് സഭാപിതാക്കന്മാരും പാപ്പന്മാരും നിരന്തരം ഊന്നിപ്പറയുന്നു. വിശുദ്ധ ജോൺക്രിസോസ്റ്റം

വാചാലമാകുന്നു: ഒരു കുടുംബം ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ അത് ചെറിയ സഭയായി മാറുന്നു. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ പറയും ജപമാല കുടുംബങ്ങളെ ബന്ധിപ്പിച്ച് അത് അവരുടെ ഹൃദയങ്ങളെ ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് നയിക്കുന്നു. ഫ്രാൻസീസ് പാപ്പ കൂട്ടിചേർക്കും : ഒരുമിച്ചുള്ളുള്ള ജപമാല പ്രാർത്ഥന കുടുംബങ്ങളെ ആത്മീയഐക്യത്തിലേക്ക് കൊണ്ടുപോകുകയും വിശ്വാസത്തിൽ വളർത്തുകയും ചെയ്യുന്നു. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിലും ചാക്രീക ലേഖനങ്ങളിലും കുടുംബത്തെ ഗാർഹിക സഭ എന്നും പ്രാർത്ഥനയുടെ ജീവിക്കുന്ന സാക്ഷി എന്നും വിളിക്കുന്നു. ഓരോ കുടുംബവും പ്രാർത്ഥനയിലൂടെ ക്രിസ്തുവിന്റെ സാന്നിധ്യത്തെ ഭവനങ്ങളിലെത്തിക്കുമ്പോൾ സ്നേഹം, ഐക്യം, ആത്മീയത എന്നീ മൂല്യങ്ങൾ അവരുടെ ഹൃദയങ്ങളിൽ വിരിയുന്നു. ഫാത്തിമയിലും ലൂർദ്ദിലും മറ്റ് സ്ഥലങ്ങളിലും മറിയം പ്രത്യക്ഷപ്പെട്ടതിലൂടെ അനുതാപത്തിനും പ്രാർത്ഥനയ്ക്കും ഭക്തിക്കുവേണ്ടി ആവർത്തിച്ച് ആഹ്വാനം ചെയ്യുന്നു. കുടുംബ പ്രാർത്ഥന പാപത്തിനെതിരായി ഒരു പരിചയും സമാധാനത്തിന്റെ ഉറവിടവും ക്രിസ്തുവിനെ നമ്മുടെ ഭവനങ്ങളിലേക്ക് ആകർഷിക്കുന്നതിനുള്ള ഒരു മാർഗ്ഗവുമാണെന്ന് അവൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ദിവസവും ജപമാല ചൊല്ലാനുള്ള അവളുടെ ആവർത്തിച്ചുള്ള നിർദ്ദേശം ആത്മീയ ജീവിതം വീട്ടിൽ നിന്നാണ് ആരംഭിക്കുന്നതെന്നും. കുടുംബങ്ങൾ പ്രാർത്ഥനയിൽ ഒന്നിക്കുമ്പോൾ അഭിവൃദ്ധി പ്രാപിക്കുമെന്നും ഊന്നിപ്പറയുന്നു.

ക്രിസ്തുവിന്റെ ജീവിതം പീഡാസഹനം, മരണം ഉത്ഥാനം, മഹത്വം എന്നിവയുടെ രഹസ്യങ്ങളിലേക്ക് വിശുദ്ധ ജപമാല കുടുംബങ്ങളെ നയിക്കുന്നു. ഈ പ്രാർത്ഥനയിൽ സ്നേഹം ആഴപ്പെടുന്നു. ഐക്യം കൂടുതൽ ശക്തിയാർജിക്കുന്നു. മാതാവിന്റെ പരിരക്ഷണ സാന്നിധ്യം ഭവനം മുഴുവനും ഉണ്ടാകുന്നു. ദിവസേന പ്രാർത്ഥിക്കാനും പ്രായത്തിന അനുയോജ്യമായ രീതിയിൽ കുട്ടികളെ ഉൾപ്പെടുത്താനും സന്തോഷങ്ങളും ദുഃഖങ്ങളും ദൈവത്തിന സമർപ്പിക്കാനും ജീവിതത്തിലെ പോരാട്ടങ്ങൾ മാതാവിന്റെ പരിരക്ഷയിൽ എൽപിക്കാനും കുടുംബങ്ങളെ ജപമാല പ്രേരിപ്പിക്കുന്നു. ഇന്നത്തെ തിരക്കേറിയ വെല്ലുവിളികൾ നിറഞ്ഞ ലോകത്തിൽ കുടുംബ പ്രാർത്ഥനയെക്കാൾ കൂടുതൽ ആവശ്യമുള്ള ഒന്നുമില്ല. അത് വിശ്വാസത്തെ സംരക്ഷിക്കുന്നു. സമാധാനം വിതറുന്നു, ധാർമ്മികവും ആത്മീയവുമായ അടിത്തറകളെ ഉറപ്പാക്കുന്നു. ഭവനങ്ങളെ ക്രിസ്തുവിന്റെ സാന്നിധ്യത്തിലേക്ക് നയിക്കുന്നു.

കുടുംബ പ്രാർത്ഥന ക്രിസ്തീയ വിശ്വാസത്തിന്റെ ഹൃദയമിടിപ്പാണ്. ജപമാല കുടുംബങ്ങളെ ഐക്യത്തിലും സമാധാനത്തിലും വിശുദ്ധിയിലേക്കും നയിക്കുന്നു. ഭവനത്തെ ഗാർഹിക ദൈവാലയങ്ങളാക്കി മാറ്റുന്നു. മറിയം തന്റെ പ്രത്യക്ഷവേളകളിൽ നമ്മെ പഠിപ്പിച്ചതുപോലെ പ്രാർത്ഥനയും അനുതാപവും ഭവനത്തിൽ നിന്നാണ് ആരംഭിക്കേണ്ടത്. തീർച്ചയായും ഒരു കുടുംബം ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ അവർ ദൈവസാന്നിധിയിൽ ഒരുമിച്ച് നില്ക്കുന്നു. ജപമാലയെ കുടുംബ ജീവിതത്തിന്റെ ആത്മീയ നങ്കൂരവുമാക്കി ദൈവസ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷ്യവുമാക്കി എല്ലാ കുടുംബാംഗങ്ങളും ഈ ആഹ്വാനം സ്വീകരിച്ച് പ്രാർത്ഥനയുടെ ആഴത്തിലുള്ള വേരുകൾ അവരുടെ ഹൃദയങ്ങളിലും ഭവനത്തിലും മധുരമായി പിറവിയെടുക്കട്ടെ.

**<u>ദൗത്യം ഏറ്റെടുക്കൽ</u>**

1. കുടുംബ യൂണിറ്റിലെ ഓരോ ഭവനങ്ങളിലും ഓരോ ദിവസവും കടന്നുചെന്ന് പ്രസ്തുത കുടുംബത്തിന്റെ നിയോഗത്തിനുവേണ്ടി ജപമാല പ്രാർത്ഥിക്കുന്നത് ഉചിതമായിരിക്കും.
2. എല്ലാ ദിവസവും കുടുംബപ്രാർത്ഥന എല്ലാ ഭവനങ്ങളിലും ചൊല്ലുന്നു എന്ന് ഉറപ്പുവരുത്തുക. വിശുദ്ധ ഗ്രന്ഥത്തിലെ ഹ്രസ്വഭാഗങ്ങൾ എല്ലാദിവസവും ഓരോ കുടുംബാംഗങ്ങളെ വായിക്കുവാൻ പ്രോത്സാഹിപ്പിക്കുക.
3. ഈ മാസം 19-ാം തീയതിയാണ് ആഗോള സഭ മിഷൻ ഞായറാഴ്ചയായി ആചരിക്കുന്നത്. ഈ മാസം പ്രത്യേകമായി മിഷണറിമ്മാർക്കും സഭയുടെ മിഷൻ പ്രവർത്തനങ്ങളേയും സമർപ്പിച്ച് പ്രാർത്ഥിക്കുക.
4. മിഷൻ ഞായർ കാണിക്കയായി ഒരു ദിവസത്തെ സമ്പാദ്യം സന്തോഷത്തോടെ നല്കുക. (പറ്റുമെങ്കിൽ ഒരു ദിവസം ഉപവസിച്ച് ആ കാണിക്ക കൂടെ നൽകുക.)
5. ഇടവക നടത്തുന്ന മിഷൻ വാരാഘോഷ പ്രവർത്തനങ്ങളിൽ സന്തോഷത്തോടെ പങ്കുചേരുക.

**9. റിപ്പോർട്ട്**

**10. ഹാജർ**

**11. അടുത്ത യോഗം നിശ്ചയിക്കുക**

**12. ചർച്ച**

**13. കുടുംബയൂണിറ്റ് പ്രതിഷ്ഠാ പ്രാർത്ഥന :**

*(ലീഡർ ചൊല്ലിക്കൊടുക്കുന്നു, മറ്റുള്ളവർ അത് ഏറ്റു പറയുന്നു)*

കാരുണ്യവാനായ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തെയും, മനുഷ്യരെയും സ്നേഹിക്കുക എന്നതാണ് ഞങ്ങളുടെ കടമയെന്ന് ഏറ്റു പറയുന്നു. ദൈവീക സ്നേഹം അനുഭവിക്കാനും, ആ സ്നേഹത്തിൽ എന്നും നിലനിൽക്കാനും, ആ സ്നേഹം സഹോദരങ്ങൾക്ക് പകർന്ന് നൽകാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്വാർത്ഥതകൾ വെടിഞ്ഞ്, ഹൃദയവിശാലതയും,

പരസ്നേഹവും അഭ്യസിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അയൽ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, ആവശ്യക്കാരെ സഹായിക്കാനും, രോഗികളെ ശുശ്രൂഷിക്കാനും, തെറ്റുകൾ ക്ഷമിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ദൈവവചനം മനസ്സിലാക്കാനും, ദൈവവിശ്വാസത്തിൽ ശക്തിപ്പെടാനും, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിൽ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ യൗസേപ്പിതാവേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല മാലാഖമാരേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ അന്തോനീസേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

ഞങ്ങളുടെ കുടുംബയൂണിറ്റിന്റെ മദ്ധ്യസ്ഥനായ.... : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല വിശുദ്ധരേ :**ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

**14. മദ്ധ്യസ്ഥ പ്രാർത്ഥന**

**ലീഡർ : നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിനോട് നമ്മുടെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.**

**സ്വയം പ്രേരിത പ്രാർത്ഥന (പങ്കെടുക്കുന്നവർ പറയുന്നു.)**

**കുടുംബയോഗം നടന്ന ഭവനത്തിന് വേണ്ടി ലീഡർ പ്രാർത്ഥിക്കുന്നു.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........

നന്മ നിറഞ്ഞ മറിയമേ...........

**15. ഭാരവാഹികളിൽ ഒരാൾ എല്ലാവർക്കും നന്ദി പറയുന്നു.**

**16. സമാപന ഗാനം**